# Centre for Research and Education for Social Transformation (CREST)

*(formerly Centre of Excellence – Indian Institute of Management Kozhikode)*
An autonomous institution under Government of Kerala
KIRTADS Campus, Chevayur, Calicut – 673 017 Kerala India
Tel: + 91 495 2355342, 2351496 Fax +91 495 2351496 www.crest.ac.in
Email: cex@dataone.in crest.calicut@gmail.com

**സെന്റർ ഫോർ റിസർച്ച് അന്റ് എഡുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രെസ്റ്റ്). ഒരു സംക്ഷിപ്ത വിവരണം**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിലെ അഭ്യസ്തവിദ്യരുടെ ഉന്നത തൊഴിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് സെന്റർ ഫോർ റിസർച്ച് അന്റ് എഡുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രെസ്റ്റ്). കേരള സർക്കാറിന്റെ ഗ്രാന്റ്–ഇൻ–എയ്ഡ് ലഭിച്ചാണ് ക്രെസ്റ്റ് പ്രവർത്തിച്ചു വരുന്നത്. ക്രെസ്റ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് കോഴിക്കോട് ചേവായൂരിൽ 'കിർത്താഡ്സി'ൽ അനുവദിക്കപ്പെട്ട 2000 ചതുരശ്രഅടി സ്ഥലത്താണ്

കേരളത്തിലെ മൊത്തം ജനസംഖ്യയുടെ പതിനൊന്ന് ശതമാനത്തിലധികം വരും പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗക്കാർ. പാർശ്വവൽക്കരിക്കപ്പെട്ട ഈ ജനവിഭാഗക്കാരുടെ ബഹുമുഖ ഉന്നമനത്തിനായി കേന്ദ്ര–സംസ്ഥാന സർക്കാറുകൾ ഏറെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും ശ്രദ്ധേയമാണ് തൊഴിൽ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കിയ സംവരണം. ഒരു പരിധിവരെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ_ജനവിഭാഗങ്ങളിലെ അഭ്യസ്ഥവിദ്യരുടെ ഉന്നമനത്തിന്ന് ഇവ സഹായിട്ടുണ്ട് എന്ന വസ്തുത നിലനിൽക്കുമ്പോൾത്തന്നെ, നിയമനങ്ങളിൽ സംവരണം ബാധകമല്ലാത്ത സ്വകാര്യമേഖലകളിൽ ഈ വിഭാഗക്കാരുടെ പ്രാതിനിധ്യം വളരെ പരിമിതമാണ്. അതേ സമയം ഇന്ന് സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുകയാണെന്നതും, വളരുന്ന സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുന്ന പുതിയ തൊഴിലവസരങ്ങളിൽ ഏറിയ പങ്കും സ്വകാര്യമേഖലയിലാണെന്നതും പ്രസക്തമാണ്.

അഭൂതപൂർവ്വമായ വെല്ലുവിളികളും അവസരങ്ങളും ഉൾക്കൊള്ളുന്നതാണ് കഴിഞ്ഞ രണ്ടുപതിറ്റാണ്ടോളമായി ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന സാമൂഹ്യസാമ്പത്തികമാറ്റങ്ങൾ. പുത്തൻസാമ്പത്തികവ്യവസ്ഥ തുറന്നു നൽകുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്താൻ സമൂഹത്തിന്റെ മുകൾത്തട്ടിലുള്ള ഒരു ന്യൂനപക്ഷത്തിത്തിനു മാത്രമേ സാദ്ധ്യമായിട്ടുള്ളു. ബഹുഭൂരിപക്ഷത്തിനും – പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗജനവിഭാഗക്കാർക്ക് – പുതിയ സമ്പദ്വ്യവസ്ഥ തുറന്നു നൽകുന്ന അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ ഇല്ലാത്തതല്ല, മറിച്ച് സ്വകാര്യമേഖല നിഷ്ക്കർഷിക്കുന്ന അവശ്യഗുണങ്ങളിൽ പലതും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കൈവരിക്കാനാവാത്താണ് സ്വകാര്യമേഖലയിൽ ഇവരുടെ പ്രാതിനിധ്യം പരിമിതമാകാനുള്ള പ്രധാന കാരണം.

ഈ പശ്ചാത്തലത്തിലാണ് 2002ൽ അന്നത്തെ കേരള ഗവർമ്മെന്റ് ഏഷ്യയിലെ പ്രമുഖ മാനേജ്മെന്റ് പഠന സ്ഥാപനങ്ങളിലൊന്നായ Indian Institute of Management, Kozhikode ന്റെ സഹായത്തോടെ Centre of Excellence എന്ന സ്ഥാപനം രൂപകല്പന ചെയ്തത്. ദേശീയതലത്തിൽ പ്രശസ്തമായ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നേടുവാനാവശ്യമായ പരിശീലനം നൽകുക, ഗവേഷണ–പഠന മേഖലയിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്ന് പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളിലെ അഭ്യസ്ഥവിദ്യരെ പ്രാപ്താരാക്കുക എന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട പരിശീലനം നൽകുക എന്നിവയായിരുന്നു Centre of Excellence ന്റെ മുഖ്യ നിയോഗം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, നേഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ബാങ്ക്ളൂർ, എന്നീ സ്ഥാപനങ്ങളുടെ ഉപദേശസഹായത്തിൽ 2002 മുതൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സെന്ററിനെ 2008ൽ കേരള ഗവർമ്മെന്റ് സ്വയംഭരണ സ്ഥാപനമാക്കുകയുണ്ടായി. ബഹുമാനപ്പെട്ട പട്ടിക ജാതി വികസന വകുപ്പു മന്ത്രി ചെയർമാനായുള്ള ഈ സ്ഥാപനത്തിന്റെ രക്ഷാധികാരികൾ ബഹു. കേരള മുഖ്യമന്ത്രിയും ബഹു. കേരള അസംബ്ലി സ്പീക്കറുമാണ്. ഭരണസമിതിയിൽ വിവിധ വകുപ്പ് മേധാവികളും ദേശിയതലത്തിൽ പ്രശസ്തരായ സാമൂഹ്യ ശാസ്ത്രജ്ഞരും അംഗങ്ങളാണ്. Indian Institute of Management Kozhikode, National Institute of Advanced Studies, Bangalore, Kerala Council for Science, Technology and Environment , Trivandrum and Sree Chithra Thirunal Institute for Medical Sciences & Technology ,Trivandrum എന്നീ സ്ഥാപനങ്ങൾക്ക് ക്രെസ്റ്റ് ഭരണസമിതിയിൽ പ്രാതിനിധ്യമുണ്ട്. ദേശീയ നിലവാരത്തിലുള്ള അധ്യാപന/ഗവേഷണ കേന്ദ്രമായാണ് ക്രെസ്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്.

താഴെ പറയുന്ന കർമ്മ പരിപാടികളാണ് ക്രെസ്റ്റ് വിഭാവനം ചെയ്യുന്നത്.

- കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഉപയുക്തമായ ഗവേഷണപഠനങ്ങൾ ഏറ്റെടുക്കുകയും അവയിലൂടെ ലഭ്യമാവുന്ന വിവരങ്ങൾ സെമിനാറുകളിലൂടേയും പ്രസിദ്ധീകരണങ്ങളിലൂടേയും പൊതുസമൂഹത്തെ അറിയിക്കുക.
- സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഏറ്റെടുത്ത് പഠിച്ച് നയരൂപീകരണരംഗത്ത് പ്രവർത്തിക്കുന്നവരെ അവബോധപ്പെടുത്താൻ നടപടികൾ സ്വീകരിക്കുക.
- ദളിത്–ആദിവാസി മേഖലകളിൽ നടന്നുവരുന്ന വിവിധവികസന പദ്ധതികൾക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുക.
- ക്രെസ്റ്റ് നടത്തുന്ന പരിശീലന പരിപാടികൾക്ക് നിലവാരം നിശ്ചയിക്കുകയും പരിശീലനം സിദ്ധിച്ചവർക്ക് യുക്തമായ സർട്ടിഫിക്കറ്റുകളും ഡിപ്ലോമയും നൽകുക.
- പാർശ്വവൽകൃത സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ ഗൗരവമായി ഇടപെടുന്ന ഇന്ത്യയ്ക്കകത്തും പുറത്തും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ/വിദ്യാഭ്യാസേതര സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ക്രെസ്റ്റിന്റെ ലക്ഷ്യങ്ങൾക്കുതകുന്ന പരിപാടികളിൽ സഹകരിക്കുകയും ചെയ്യുക.
- കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാവശ്യമായ സാങ്കേതിക സഹായം നൽകുക.
- സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർക്ക് പരിശീലനവും അനുബന്ധപരിപാടിയും സംഘടിപ്പിക്കുക.

കേരള സർക്കാറിന്റെ ഗ്രാന്റ്–ഇൻ–എയ്ഡ് ലഭിച്ചാണ് ക്രസ്റ്റ് പ്രവർത്തിച്ചു വരുന്നത്. ക്രെസ്റ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് കോഴിക്കോട് ചേവായൂരിൽ 'കിർത്താഡ്സി'ൽ അനുവദിക്കപ്പെട്ട 2000 ചതുരശ്രഅടി സ്ഥലത്താണ്.

## തസ്തികകൾ

താഴെ പ്രതിപാദിക്കുന്ന രീതിയിൽ പന്ത്രണ്ടു പേരാണ് ക്രേസ്റ്റിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ത്.




പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷമായി ക്രെസ്റ്റ് നടത്തിവരുന്ന 'പോസ്റ്റ്ഗ്രാഡ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ പ്രൊഫഷനൽ ഡവലപ്പ്മെന്റ്' 700 ഓളം പട്ടികജാതി പട്ടികവർഗ്ഗ അഭ്യസ്തവിദ്യർ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിനും സ്വകാര്യ–പൊതുമേഖലയിലെ ഉയർന്ന തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ കോഴ്സ് രൂപകല്പന ചെയ്തിട്ടുള്ളത്. 5 മാസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർത്തിയാക്കിയവരിൽ ഭൂരിഭാഗം പേരും ഇന്ത്യയ്ക്കകത്തും പുറത്തും പ്രശസ്ത തൊഴിൽ/വിദ്യാഭ്യാസമേഖലയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. പഠനസമയത്ത് വിദ്യാർത്ഥികൾക്ക് പ്രതിമാസം അയ്യായിരം രൂപ സ്റ്റൈപന്റ് നൽകുന്നുണ്ട്. ഈ പരിശീലന പരിപാടി പൂർത്തിയാക്കിയവരിൽ ഇരുപതു ശതമാനത്തോളം പേർ ഉപരിപഠന രംഗത്താണ്.

ഇത് കൂടാതെ എൻട്രൻസ് പരീക്ഷയിലൂടെ എഞ്ചിനിയറിങ്ങ് കോഴ്സുകൾക്ക് പ്രവേശനത്തിനർഹത ലഭിച്ച പട്ടിക ജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരുമാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയും ക്രെസ്റ്റ് സംഘടിപ്പിച്ചുവരുന്നുണ്ട്. എഞ്ചിനിയറിങ്ങ് കോഴ്സുകളെക്കുറിച്ച് അവബോധമുണ്ടാക്കുവാനും അനുയോജ്യമായ പഠനരീതി സ്വായത്തമാക്കുവാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പരിപാടി രൂപകല്പനചെയ്തിട്ടുള്ളത്. പ്രഗത്ഭരായവരുടെ കീഴിൽ നടത്തുന്ന ഈപരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസലിങ്ങ് സൗകര്യവും, BTech വിദ്യാഭ്യാസ കാലയളവിൽ ഉപദേശ സഹായവും ക്രെസ്റ്റ് നൽകുന്നുണ്ട്.

ഇതിനുപുറമെ ദേശിയതലത്തിൽ പ്രശസ്തമായ ഐ.ഐ.ടി (ബോംബെ), ഐ.ഐ.ടി (ഡൽഹി), എൻ.ഐ.ടി കർണാടക, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പരിശീലനപരിപാടികളും ക്രെസ്റ്റ് നടത്തിവരുന്നുണ്ട്.

കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ സെന്റർ ഏറ്റെടുത്തു നടത്തിയ പ്രവർത്തികളിൽ ശ്രദ്ധേയമായവയാണ് ഗവേഷണപരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ. ഇത് കൂടാതെ കേരള സർക്കാറിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ സെന്റർ നടത്തിയ ഗവേഷണപരിപാടികളിൽ പ്രധാനപ്പെട്ടതാണ് വയനാട്ടിലെ ആദിവാസി ജനവിഭാഗങ്ങളുടെ വികസനത്തിനായി 2006 ജനുവരിയിൽ കേരള സർക്കാറിന് സമർപ്പിച്ച പഠനറിപ്പോർട്ടും രൂപരേഖയും.

**പ്രസിദ്ധീകരണം:**

എല്ലാ നാലു മാസത്തിലും ക്രെസ്റ്റ് ബുള്ളറ്റിൻ എന്ന ഇലക്ട്രോണിക് ന്യൂസ് ലെറ്റർ ക്രെസ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ട്.

**പോർടൽ:**

www.cex.ac.in എന്ന വിലാസത്തിലുള്ള സെന്റർ ഓഫ് എക്സലൻസിന്റെ പോർട്ടലിൽ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും, സെന്ററിനെക്കുറിച്ചും. തൊഴിലിനെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാണ്.